(സി) ചോദ്യം (എ)യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 18 പഞ്ചായത്തു് ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ടു്. പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കുന്നില്ല. ഇൻസ്പെക്ടർമാർക്കു് ഇപ്പോൾ ഉള്ളതുപോലെ ഒരു ക്ലാർക്കും ഒരു ശിപായിയും പുതുതായി നിയമിക്കുന്ന ഓരോ ഇൻസ്പെക്ടർക്കും ഉണ്ടായിരിക്കും.

UNSTARRED QUESTIONS AND ANSWERS.

സ്പോർട്ട്സു്.

341. [2] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) തിരുവിതാംകൂർ–കൊച്ചി ഒളിമ്പിക്കു് അസോസിയേഷനു് ഗവണ്മെൻറു് ഇതുവരെല്ലാം ഗ്രാൻറു് നൽകിയിട്ടുണ്ടു് ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം.

(എ) സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു സ്പോർട്ട്സു് കൗൺസിൽ സ്ഥാപിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

(സി) സ്പോർട്ട്സു് കൗൺസിലിൻറെ നിർദ്ദേശപ്രകാരം വിവിധ സ്പോർട്ട്സു് അസോസിയേഷനുകൾക്കു് ഗ്രാൻറു് കൊടുക്കുന്നതിനായി സ്പോർട്ട്സു് കൗൺസിൽ ബഡ്ജറിൽ തുക കൊടുത്തിട്ടുണ്ടു്. നിർദ്ദേശം കിട്ടുന്നതനുസരിച്ചു് തുകകൾ അനുവദിക്കുന്നതാണു്.

ആനതാഴ്ച്ചിറ.

342. [4] ശ്രീ. വി. ശ്രീധരൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ അണ്ടർകോണം പകുതിയിലുള്ള ആനതാഴ്ച്ചിറ കുഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇതിനകം എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു് ;

(ബി) ഈ ചിറ കുഴിപ്പിക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടി ഇതിനകം ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

ഉത്തരം.

(എ) എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നു് കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആനതാഴ്ച്ചിറ നന്നാക്കുന്നതിനു് ഗവണ്മെൻറ് 16775 രൂപയുടെ ഒരു എസ്റ്റിമേറ്റ് അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ജോലികൾ ഇതിനകം ചെയ്തീർത്തിട്ടുണ്ട്:

1. ചിറയുടെ മുന്നുവശങ്ങളിൽ സ്ഥിതിചെയ്യുന്ന മലകളുടെ അടിവാരങ്ങളിൽ അരുവികളിൽനിന്നും ഒഴുകിവരുന്ന ജലത്തെ സംഭരിച്ചുനിർത്തുന്നതിനു് കിടങ്ങുകൾ കുഴിപ്പിച്ചിട്ടുണ്ട്.
2. കരിങ്കല്ലു കെട്ടി പ്രധാനചിറയെ ബലപ്പെടുത്തിയിട്ടുണ്ട്.
3. ചിപ്പുകൾ നന്നാക്കിയിട്ടുണ്ട്.
4. ജലനിർഗ്ഗമനത്തെ നിയന്ത്രിക്കുന്നതിനു് ആവശ്യമായ സ്ഥാനങ്ങളിൽ മട്ടുകൾ പണിയിച്ചിട്ടുണ്ട്.

Electric Sub-station at Shencottah.

343. [8] SHRI K. SATTANATHA KARAYALAR: Will the Minister for Public works be pleased to state the progress of the proposed electric sub-station at Shencottah?

Answer.

Among the works relating to the 66 K. V. Sub-station at Shencottah the installation and commissioning of one 500 K. V. A. 66 KV/11 KV. transformer has already been completed and supply to Shencottah town and the adjoining areas is now being given from this transformer station. Other materials required for the station have already been ordered and are now under manufacture.

മുനിസിപ്പൽ ടാക്സ്.

344. [11] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തൃശ്ശൂർ മുനിസിപ്പാലിറ്റി അതിർത്തിയിലുള്ള സർക്കാർ കെട്ടിടങ്ങൾക്കു് മുനിസിപ്പൽ ടാക്സ് കൊടുക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(സി) മറ്റു് ഏതു മുനിസിപ്പാലിറ്റിയിൽ ഈ ടാക്സ് കൊടുക്കുന്നുണ്ടു്?

ഉത്തരം.

(എ) ഇല്ല.

(ബി) കൊച്ചിൻ മുനിസിപ്പൽ ആക്ടു് പ്രകാരം സർക്കാർ കെട്ടിടങ്ങളെ മുനിസിപ്പൽ ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുള്ളതുമാത്രം.

(സി) ഡിസ്ട്രിക്ടു് മുനിസിപ്പാലിറ്റീസ് ആക്ടും, സിറ്റി മുനിസിപ്പാലിറ്റീസ് ആക്ടും പ്രകാരം സർക്കാർകെട്ടിടങ്ങൾക്കു് മുനിസിപ്പൽ കരം ചുമത്താവുന്നതിനാൽ തിരുവിതാംകൂർ രാജ്യത്തിൽപ്പെട്ട മുനിസിപ്പാലിറ്റികളുടെ അതിർത്തിക്കുള്ളിലുള്ള സർക്കാർ കെട്ടിടങ്ങൾക്കു് മുനിസിപ്പൽ കരം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly